പി.എഫ്. ഇ11/Gain PF/2015

വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം,
എറണാകുളം, തീയതി 16.12.2015

## സർക്കുലർ

സർ,

വിഷയം:- ഐ.എഫ്.എം.എസ്- ഗെയിൻ പി.എഫ്-അക്കൗണ്ട് നമ്പർ അപ്പ്ഡേഷൻ- സംബന്ധിച്ച്

സൂചന:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16/12/2015 ലെ പി.എഫ്. ജനറൽ(1)/51412/2015/ഡി.പി.ഐ

സർക്കുലർ

കേരള എയ്ഡഡ് സ്കൂൾ പ്രോവിഡന്റ് ഫണ്ട് ഓൺലൈൻ സംവിധാനത്തിൽ വരുത്തുന്നതിന്റെ ആദ്യപടിയായി ഗെയിൻ പി എഫ് സംവിധാനത്തിൽ നിലവിൽ സ്പാർക്കിൽ ഉള്ള പി എഫ് അക്കൗണ്ട് നമ്പർ ഈ ഓഫീസിൽനിന്നും ഗെയിൻ പി എഫ് വെബ്സൈറ്റിൽ വെരിഫൈ ചെയ്ത് വെച്ചിട്ടുണ്ട്. 2016 ജനുവരി മുതൽ പി എഫ് ഷെഡ്യൂളുകൾ ഓൺലൈൻ സംവിധാനത്തിലൂടെ ഗെയിൻ പി എഫ് സൈറ്റിൽ വഴി നേരിട്ട് പി എഫ് ഓഫീസുകളിൽ എത്തുന്നതിനുള്ള സംവിധാനം വരികയാണ്. ഇതിനുമുമ്പ് അതാത് സ്കൂളുകളിലെ പി എഫ് വരിക്കാരുടെ അക്കൗണ്ട് നമ്പരുകൾ ഒന്നുകൂടി ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനായ ഓരോ കെ.എ.എസ്.ഇ.പി.എഫ് വരിക്കാരും അവരവരുടെ കെ.എസ്.എസ്.ഇ.പി.എഫ് അക്കൗണ്ട് നമ്പർ ഗെയിൻ പി.എഫ് സൈറ്റിൽ പരിശോധിക്കേണ്ടതുണ്ട്. ഇതിനുള്ള കർശന നിർദ്ദേശം മുഴുവൻ വരിക്കാരെയും അതാത് സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖാന്തിരം അറിയിക്കേണ്ടതാണ്.

gainpf.kerala.gov.in വെബ്സൈറ്റ് തുറന്ന് ഓരോ പി.എഫ് വരിക്കാരന്റെയും സ്പാർക്ക് പെൻനമ്പർ യൂസർ നെയിം ആയും, ജനനതീയതി പാസ്‌വേഡ് ആയും (ജനനതീയതി വെച്ച് ലോഗിൻ ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ പെൻനമ്പർ തന്നെ പാസ്‌വേഡ് ആയി ഉപയോഗിക്കുക) ലോഗിൻ ചെയ്താൽ വെബ്സൈറ്റിൽ കാണുന്ന സൈറ്റിലുള്ള പി.എഫ് അക്കൗണ്ട് നമ്പരും അതാത് വരിക്കാരുടെ സേവനപുസ്തകത്തിലുള്ള പി.എഫ് അക്കൗണ്ട് നമ്പറും ഒന്നുതന്നെയാണോ എന്ന് പരിശോധിച്ച് വ്യത്യാസം ഉണ്ടെങ്കിൽ 19.12.2015 ന് മുമ്പായി ഈ ഓഫീസിൽ നേരിട്ട് രേഖാമൂലം അറിയിക്കേണ്ടതാണെന്നും അതിനു ശേഷം ഏതെങ്കിലും പി എഫ് അക്കൗണ്ട് നമ്പറുകളിൽ എന്തെങ്കിലും പിശക് കണ്ടെത്തിയാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് സ്കൂൾ പ്രധാനാദ്ധ്യാപകർക്കായിരിക്കും എന്നും എല്ലാ എയിഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകരേയും അറിയിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച തീയതിക്ക് ശേഷം സൈറ്റിൽ നിലനിൽക്കുന്ന അക്കൗണ്ട് നമ്പറുകൾ സ്പാർക്കിലേക്ക് അപ്ഡേറ്റ് ചെയ്യുന്നതാണ്. ഈ അക്കൗണ്ട് നമ്പരുകളിലേക്കാവും നിലവിൽ അടച്ച പി എഫുമായി ബന്ധപ്പെട്ട് എല്ലാ തുകകളും ഓൺലൈൻ സംവിധാനത്തിലൂടെ പോവുക. സ്പാർക്കിൽ അപ്ഡേഷൻ നടത്തിയതിനു ശേഷം പി എഫ് അക്കൗണ്ട് നമ്പരുകൾ മാറ്റം വരുത്താൻ സാധിക്കുന്നതല്ല. ഗെയിൻ പി എഫ് സൈറ്റിൽ അക്കൗണ്ട് നമ്പരുകൾ ലോക്ക് ചെയ്യുന്നതിനുമുമ്പേ മേൽ സൂചിപ്പിച്ച കാര്യങ്ങൾ ചെയ്ത് തീർക്കണം എന്നതിനാൽ ഇക്കാര്യം മേൽ സൂചിപ്പിച്ച തീയതിക്കകം വെരിഫൈ ചെയ്യുന്നതിന് എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകർക്കും കർശന നിർദ്ദേശം ഇന്ന് തന്നെ നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസർ
വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം
എറണാകുളം.

സ്വീകർത്താവ്:

ജില്ലാ/ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഓഫീസിന് വെബ്സൈറ്റ്/ ബ്ലോഗ് ഉള്ളവർ അതിൽ ഗെയിൻ പി.എഫ് വെബ്സൈറ്റ് ലിങ്ക് gainpf.kerala.gov.in ചേർക്കേണ്ടതാണ്)